പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3564 30.01.2014 ൽ മറുപടിയ്ക്ക്

## നദീസംയോജന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | നദീസംയോജന പദ്ധതിയോട് സംസ്ഥാന സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. |
| (ബി) സംസ്ഥാനവുമായി ബന്ധപ്പെട്ട ഏതൊക്കെ നദീസംയോജന പദ്ധതികളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്; ഇവയിൽ ഏതൊക്കെ അന്തർസംസ്ഥാന നദികളാണ് ഉൾപ്പെട്ടിട്ടുള്ളത്; | (ബി) | കേന്ദ്ര സർക്കാർ ദേശീയ ജലവികസന ഏജൻസി(NWDA) മുഖേന വിഭാവനം ചെയ്തിട്ടുള്ള നദീസംയോജന പദ്ധതിയിൽ കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട് പമ്പ -അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയും, കാവേരി-വൈഗ- ഗുണ്ടാർ ലിങ്ക് പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ പമ്പ, അച്ചൻകോവിൽ, കാവേരി എന്നീ നദികളാണ് ഉൾപ്പെട്ടിട്ടുള്ളത്. അന്തർ സംസ്ഥാന നദികളുടെ നിർവ്വചനമനുസരിച്ച്; പമ്പ, അച്ചൻകോവിൽ എന്നീ നദികളെ അന്തർസംസ്ഥാന നദികളുടെ ഗണത്തിൽപ്പെടുത്തുവാൻ സാധിക്കുകയില്ല. |

| | | |
|---|---|---|
| (സി) ഈ പദ്ധതികൾ മുഖേന സംസ്ഥാന താൽപര്യങ്ങൾക്കുണ്ടാകാവുന്ന ഗുണങ്ങളും ദോഷങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച നദീസംയോജന പദ്ധതികൾ കൊണ്ട് കേരളത്തിന് ഗുണങ്ങളേക്കാൾ ഏറെ ദോഷങ്ങളാണുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതുമൂലം കേരളത്തിലെ നദികളായ പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും വലിയ ഒരളവ് ജലം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. ഈ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം അവിടെ മിച്ച ജലം ഇല്ലാതാകുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. കൂടാതെ വേമ്പനാട് കായലിലെ ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിന് വളരെയധികം പ്രയാസം നേരിടുകയും ചെയ്യും. പമ്പ,അച്ചൻകോവിൽ എന്നീ നദികളെ ഉൾപ്പെടുത്തി ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ള നദീജലസംയോജന പദ്ധതി നടപ്പിലാക്കിയാൽ വർഷകാലങ്ങളിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുമെന്നതിനാൽ കേരളത്തിന്റെ പ്രമുഖ നെല്ലുൽപ്പാദനകേന്ദ്രമായ കുട്ടനാട് പ്രദേശത്തെ നെൽകൃഷിയെയും ടി പദ്ധതി ദോഷകരമായി ബാധിക്കും. കൂടാതെ പലതരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുന്നതിനും സാദ്ധ്യതയുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം കാവേരി ബേസിനിൽ 21 ടിഎംസി ജലം മാത്രമേ അനുവദിച്ചിട്ടുള്ളൂ. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടില്ലായെന്നും അനുവദിച്ച ജലത്തിന്റെ അളവ് അർഹതപ്പെട്ടതിൽ നിന്നും വളരെ കുറവാണെന്നുമുള്ള വസ്തുതകൾ ചൂണ്ടിക്കാട്ടി ട്രൈബ്യൂണൽ വിധിക്കെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ |

ചെയ്തിട്ടുണ്ട്. ആയതിനാൽ കാവേരി ബേസിനിൽ നിന്നും ജലം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതു സംബന്ധിച്ചും അനുകൂല നിലപാടല്ല കേരളം സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വ്യക്തമാക്കുമോ?

(ഡി) കേരളത്തിലെ നദീ തടങ്ങളിൽ അധിക ജലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പമ്പ, അച്ചൻകോവിൽ നദികളിൽനിന്നും വലിയൊരളവിൽ ജലം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതിന് പ്രതികൂല നിലപാടാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ ഈ വാദം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സ്പെഷ്യൽ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട്; കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള NWDA നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ; അർഹതപ്പെട്ട മുഴുവൻ ജലവും ലഭ്യമാക്കുന്നതിനുവേണ്ടി ട്രൈബ്യൂണൽ വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ